# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1116 12/03/2015 -ലെ മറുപടിയ്ക്ക്**

**വൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.രാജു | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി വിഭാഗത്തിൽ എത്ര ശതമാനം വൈകല്യമുള്ള വിദ്യാർത്ഥികൾക്കാണ് പ്രത്യേക പരിഗണനയ്ക്കർഹതയുള്ളതെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ അധ്യയന വർഷത്തെ ശതമാനത്തേക്കാൾ ഇപ്പോൾ ഇതിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ വിഭാഗങ്ങളിലും ഇങ്ങനെ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പരീക്ഷ അടുത്തിരിക്കുന്ന സമയത്തുണ്ടായ ഇത്തരം മാറ്റം ആയിരിക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ വൈകല്യ ശതമാനത്തിൽ വർദ്ധനവ് വരുത്തിയുള്ള ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | 14.01.2015 ലെ സ.ഉ. (കൈ) നമ്പർ 11/2015/പൊ. വി. പ്രകാരം 50% മോ അതിനു മുകളിലോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി പരീക്ഷയിൽ പ്രത്യേക പരിഗണന നൽകി ഉത്തരവായിരുന്നു. എന്നാൽ 6.3.2015ലെ സ.ഉ. (കൈ) നമ്പർ 65/2015/പൊ. വി. പ്രകാരം മേൽപ്പടി വൈകല്യത്തിന്റെ തോത് 40% മോഅതിലധകമോ ആയി കുറച്ചിട്ടുണ്ട്. ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ വിഭാഗങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥികളെ ഈ വിഷയം പ്രതികൂലമായി ബാധിക്കുന്നില്ല; പ്രസ്തുത മാറ്റം മുഖേന കൂടുതൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിയ്ക്കുകയാണ് ഉണ്ടായത്. |

(signature)

സെക്ഷൻ ഓഫീസർ